# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ജൂൺ 17, തിങ്കൾ

**നമ്പർ 170**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

സംസ്ഥാനത്ത് പച്ചക്കറിയടക്കമുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. എം. വിൻസെന്റും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

1. സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽ നിന്ന് പിൻമാറുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എം. സ്വരാജ് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

2. നിർദ്ദിഷ്ട ചിങ്ങവനം സ്പോർട്സ് ആന്റ് റിസർച്ച് സെന്ററിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 693/2019(i).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | മുടക്കുഴ ഖാദി സ്പിന്നിംഗ് സെന്റർ | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. പുരുഷൻ കടലുണ്ടി | കിനാലൂർ എസ്റ്റേറ്റ് തൊഴിലാളികൾക്ക് വീട് വെയ്ക്കാനുള്ള അനുമതി | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. അനൂപ് ജേക്കബ് | മുളന്തുരുത്തി റെയിൽവേ മേൽപ്പാലം കിഴക്കുമുറി പാലം എന്നിവയുടെ അപ്രോച്ച് റോഡുകൾക്ക് സ്ഥലം ഏറ്റെടുക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. കെ. അബ്ദു റബ്ബ് | രൂക്ഷമായ കടലാക്രമണത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. റോജി എം. ജോൺ | അങ്കമാലി വില്ലേജിലെ ഫെയർ വാല്യൂ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. കോവൂർ കുഞ്ഞുമോൻ | ശാസ്താംകോട്ട കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ പ്രവർത്തനം | ഗതാഗതവകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. കെ. രാജൻ | അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി ഹൈസ്കൂൾ എയിഡഡ് സ്കൂൾ ആക്കുന്നത് | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 8 | ശ്രീ. സി. കെ. ശശീന്ദ്രൻ | വയനാട് കടുവാ സങ്കേതം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 9 | ശ്രീമതി പി. അയിഷാ പോറ്റി | കുളക്കട അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. ജോയി | വിളക്കുളം സബ്സ്റ്റേഷൻ | വൈദ്യുതി വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>സ്പീക്കറുടെ റൂളിംഗ്</u> :

2017 ഡിസംബർ 11-ാം തീയതി പുറപ്പെടുവിച്ച The Kerala Public Service Commission (Additional Functions as respects the services under the Waqf Board) Ordinance, 2017, തുടർന്ന് അഞ്ച് പ്രാവശ്യം കൂടി പുറപ്പെടുവിക്കുകയുണ്ടായി എന്നും പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുവാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല എന്നും ഈ നടപടി ഭരണഘടനയ്ക്കും നിയമസഭാ നടപടിക്രമത്തിനും ഇതു സംബന്ധിച്ച സുപ്രീംകോടതി വിധിക്കും എതിരാണെന്നുമാണ് ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. അതുപോലെ നിലവിൽ ഗവർണ്ണർ പുറപ്പെടുവിച്ച പതിനഞ്ച് ഓർഡിനൻസുകൾക്ക് പകരം നിയമം നിർമ്മിക്കേണ്ടതായിട്ടുണ്ടെങ്കിലും സഭയുടെ നടപ്പ് സമ്മേളനകാലത്ത് അതിനായി ഒരു ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാതിരിക്കുന്നതിനെതിരെയാണ് ശ്രീ. എൻ. ഷംസുദ്ദീൻ ക്രമപ്രശ്നം ഉന്നയിച്ചത്. രണ്ട് ക്രമപ്രശ്നങ്ങളും നിയമസഭയെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമുള്ള വിഷയം തന്നെയാണ്.

അടിയന്തര സാഹചര്യങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ കഴിയുന്നതും വേഗം സഭയിൽ അവതരിപ്പിച്ച് പാസ്സാക്കി നിയമമാക്കണമെന്ന് തന്നെയാണ് സർക്കാരിന്റെയും താൽപര്യമെന്നും എന്നാൽ പ്രായോഗികമായ ചില വൈഷമ്യതകൾ മൂലമാണ് ഓർഡിനൻസുകൾ നിയമമാക്കുന്നതിൽ കാലതാമസം നേരിട്ടതെന്നും ബഹു. നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

പതിനാലാം കേരള നിയമസഭ നിലവിൽ വന്നശേഷം ആകെ 124 ഓർഡിനൻസുകളാണ് ഇതുവരെ പുറപ്പെടുവിക്കപ്പെട്ടതായി മനസ്സിലാക്കുന്നത്. അതിൽ നിലവിൽ അവശേഷിക്കുന്ന പതിനഞ്ച് ഓർഡിനൻസുകളും നിയമമാക്കേണ്ട ആവശ്യമില്ലാതിരുന്ന ഏതാനും ചില ഓർഡിനൻസുകളും ഒഴികെയുള്ളവയ്ക്ക് പകരമായി നിയമം നിർമ്മിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നത് സ്വാഗതാർഹമായ കാര്യം തന്നെയാണ്. നിലവിലുള്ള പതിനഞ്ച് ഓർഡിനൻസുകളുടെ കാര്യത്തിൽ അവ അടിയന്തരമായി നിയമമാക്കാൻ എല്ലാ ശ്രമങ്ങളും നടത്തുന്നതാണെന്ന് ബഹു. നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ നിയമനിർമ്മാണത്തിനു മാത്രമായി എത്രയും വേഗം പ്രത്യേക സഭാ സമ്മേളനം ചേരാൻ സർക്കാർ മുൻകൈയെടുക്കുമെന്നും ആ സമ്മേളനത്തിൽ എല്ലാ ഓർഡിനൻസുകൾക്കും പകരമായി നിയമം നിർമ്മിക്കാൻ കഴിയുമെന്നും ചെയർ പ്രതീക്ഷിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ സഭയുടെ അടുത്ത സമ്മേളനത്തിൽ അന്നുവരെയുള്ള എല്ലാ ഓർഡിനൻസുകൾക്കും പകരമുള്ള ബില്ലുകൾ സഭയിൽ അവതരിപ്പിക്കുന്നതിനും അവ സമയബന്ധിതമായി നിയമമാക്കാനുള്ള എല്ലാ നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

ഗവൺമെന്റ് പ്രമേയം (ചട്ടം 118) :

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് ചട്ടം 118 പ്രകാരം താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു:

ഇടനിലക്കാർ മുഖാന്തിരമുള്ള ഭാഗ്യക്കുറികൾ കേരളത്തിൽ നടത്തിക്കൊണ്ടിരുന്ന ഭാഗ്യക്കുറിക്കൊള്ളയെ സംസ്ഥാനത്തു നിന്നും മാറ്റി നിർത്തുന്നതിന് കഴിഞ്ഞ കുറേനാളുകളായി മാറിമാറി വരുന്ന സംസ്ഥാന സർക്കാരുകൾ കർശനമായ നിലപാടുകളാണ് സ്വീകരിച്ചു പോരുന്നത്. ഭാഗ്യക്കുറി നിയന്ത്രണ നിയമവും ചട്ടങ്ങളും നഗ്നമായി ലംഘിച്ച് നടത്തിവന്നിരുന്ന ഇടനിലക്കാർ വഴിയുള്ള ഇത്തരം ഭാഗ്യക്കുറികൾ ജനങ്ങളെ വല്ലാതെ അടിമപ്പെടുത്തുന്ന സമീപനങ്ങളാണ് സ്വീകരിച്ചു പോന്നിരുന്നത്. ഇവയുടെ പ്രവർത്തനം തടഞ്ഞ്, കേരളത്തിലെ ജനങ്ങളെ ഈ കൊള്ളയിൽ നിന്നും രക്ഷപ്പെടുത്തണമെന്ന സംസ്ഥാന സർക്കാരുകളുടെ നിരന്തരമായ ആവശ്യം ഒടുവിൽ 2015 ആഗസ്റ്റിൽ കേന്ദ്ര സർക്കാരും അംഗീകരിച്ചു.

അന്യസംസ്ഥാന ഭാഗ്യക്കുറികളെ നിയന്ത്രിച്ച് നിർത്തുന്നതിന് ഉതകുന്ന വ്യവസ്ഥകൾ ജി.എസ്.ടി. നിയമത്തിലും നിരക്കുകളിലും ഏർപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന് സാധിച്ചിരുന്നു. എന്നാൽ, ഇടനിലക്കാർ മുഖാന്തിരമുള്ള ലോട്ടറി കച്ചവടത്തിന് കേരളത്തിലടക്കം യഥേഷ്ടം കടന്നുവരുന്നതിനുള്ള നീക്കങ്ങളാണ് സമീപകാലത്തായി ജി.എസ്.ടി. കൗൺസിലിൽ നടക്കുന്നത്. സംസ്ഥാനം നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെയും ഇടനിലക്കാർ മുഖാന്തിരം നടത്തുന്ന ഭാഗ്യക്കുറികളുടെയും ജി.എസ്.ടി. നിരക്ക് ഏകീകരിക്കുന്നതിനുള്ള നീക്കമാണ് ഇതിൽ പ്രധാനം. ഇവയുടെ വ്യത്യസ്ത നികുതി നിരക്കുകൾ ബഹുമാനപ്പെട്ട കൽക്കട്ട ഹൈക്കോടതി ശരിവച്ചതാണ്. ഇവ തമ്മിലുള്ള വേർതിരിവ് യുക്തിസഹമാണെന്നും ഭരണഘടനാ വിരുദ്ധമല്ലെന്നും കോടതി കണ്ടെത്തി. എന്നിട്ടും ഇടനിലക്കാർ മുഖാന്തിരമുള്ള ഭാഗ്യക്കുറികളുടെ 28 ശതമാനം നികുതി നിരക്ക് കുറച്ച് സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ നിരക്കിന് സമാനമായി ഏകീകരിക്കുവാൻ നടക്കുന്ന നീക്കം ജനങ്ങളെ കൊള്ളയടിക്കുവാൻ ഇടനിലക്കാർക്ക് അവസരം നൽകുമെന്നതിനാൽ ദുരുപദിഷ്ടമാണെന്ന് സഭ കരുതുന്നു.

ഈ നീക്കത്തിൽ കേരളത്തിലെ പതിനായിരക്കണക്കിന് വരുന്ന ഭാഗ്യക്കുറി വിൽപനക്കാരും ഏജന്റുമാരും പൊതുജനങ്ങളും അങ്ങേയറ്റം ഉത്കണ്ഠാകുലരാണ്.

ഇടനിലക്കാർ മുഖാന്തിരം നടത്തുന്ന ഭാഗ്യക്കുറിയുടെ നികുതി കുറയ്ക്കുന്നത് സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും വലിയ നികുതി നഷ്ടം വരുത്തിവയ്ക്കുക മാത്രമേ ചെയ്യുകയുള്ളൂ. ഇതിന്റെ ഗുണഭോക്താക്കൾ ഇടനിലക്കാരായ വൻകിട ഭാഗ്യക്കുറി നടത്തിപ്പുകാർ മാത്രമായിരിക്കും. ഇടനിലക്കാർ മുഖാന്തിരം നടത്തുന്ന ഇതര സംസ്ഥാന ഭാഗ്യക്കുറികളുടെ നിയമലംഘനവും കൊള്ളയും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലും സി.ബി.ഐ. യുമെല്ലാം വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്.

ഭാഗ്യക്കുറികൾ നടത്തുന്ന ഇതര സംസ്ഥാന സർക്കാരുകളുമായി നേരിട്ട് കരാറിൽ ഏർപ്പെടുന്ന ഏജന്റിനുമാത്രമേ മറ്റൊരു സംസ്ഥാനത്ത് രജിസ്ട്രേഷന് അർഹത യുണ്ടാകുവെന്ന് 28-ാമത് ജി.എസ്.ടി. കൗൺസിലിൽ വ്യക്തമായി തീരുമാനിച്ചിട്ടുണ്ട്. ഇതിന് അനുസൃതമായി ജി.എസ്.ടി. ചട്ടങ്ങളിൽ വ്യവസ്ഥകൾ കൊണ്ടുവരികയും ചെയ്തു. ഭാഗ്യക്കുറിനിയന്ത്രണനിയമത്തിലെ വ്യവസ്ഥകളും ഇതാണ് അനുശാസിക്കുന്നത്. എന്നാൽ ഇതിന് വിഭിന്നമായി ഉപകരാറുകാരന് രജിസ്ട്രേഷൻ നൽകുന്നതിനുള്ള നീക്കവും സജീവമാണ്.

ഇത്തരത്തിൽ ഇടനിലക്കാർ മുഖാന്തിരം നിയമവിരുദ്ധമായി നടത്തുന്ന ഭാഗ്യക്കുറികൾക്ക് അനുഗുണമാകുന്ന ജി.എസ്.ടി. നിരക്ക് ഏകീകരണം, ഉപകരാറുകൾ നൽകാനുള്ള നീക്കം, സമ്മാനത്തുക കുറച്ചുള്ള വിലയിന്മേൽ മാത്രം നികുതി ഈടാക്കാനുള്ള നീക്കം എന്നിവ ഉപേക്ഷിക്കണമെന്നും ഭാഗ്യക്കുറിയുടെ ജി.എസ്.ടി. സംബന്ധമായ വിഷയങ്ങളിൽ തൽസ്ഥിതി തുടരണമെന്നും ഈ സഭ ജി.എസ്.ടി. കൗൺസിലിനോടും കേന്ദ്രസർക്കാരിനോടും ഇതിനാൽ അഭ്യർത്ഥിക്കുന്നു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. സി. എഫ്. തോമസ്

ശ്രീ. പി. സി. ജോർജ്

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. വി. ഡി. സതീശൻ

ശ്രീ. രമേശ് ചെന്നിത്തല, പ്രതിപക്ഷനേതാവ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് ചർച്ചയ്ക്ക് മറുപടി പറഞ്ഞു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

ധനകാര്യം :

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

XXVII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 4, 9, 15, 17, 20, 22, 24, 25, 28, 30, 34, 35, 36, 38, 39, 41, 43, 47 XLII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 7, 10, 12, 13, 14, 16, 17, 19, 21, 22, 23, 24, 26, 31, 35, 36, 37, 39, 40, 42, 45 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. എൽദോ എബ്രഹാം

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീ. മോൻസ് ജോസഫ്

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. കെ. ബാബു

ശ്രീ. പി. സി. ജോർജ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. വി. ജോയി

ശ്രീ. എം. രാജഗോപാലൻ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. എ. പി. അനിൽ കുമാർ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XXVII, XLII എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2019 ജൂൺ 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 9-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 6.30-ന് സഭ പിരിഞ്ഞു.

സി. ജോസ്,

*സെക്രട്ടറി-ഇൻ-ചാർജ്.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

**Fifteenth Session**

# BULLETIN—PART I

( Brief Record of Proceedings )

*Monday, June 17, 2019*

**No. 170**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion* :

After hearing the Minister for Food and Civil Supplies, the Speaker withheld consent to the moving of an adjournment motion given notice of by Shri M. Vincent and three other Members regarding the serious situation reported to have arisen due to the alleged failure of the Government to control the hike in the price of essential commodities including vegitables.

In protest against the attitude of the Government in this matter the Members belonging to opposition staged a walkout.

*Calling Attention* :

1. Shri M. Swaraj called the attention of the Minister for Industries, Sports and Youth Affairs to the necessity to exert pressure on the Central Government to recede from the move to privatise the Central Public Undertaking Industries in the State. The Minister made a statement thereto.

2. Shri Thiruvanchoor Radhakrishnan called the attention of the Industries, Sports and Youth Affairs to the necessity to commence the construction activities of the proposed Sports and Research Centre at Chingavanam. The Minister made a statement thereto.

KNPP. 693/2019(ii).

*The Matters under Rule 304*:

The Matters raised in the House by Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | മുടക്കുഴ ഖാദി സ്പിന്നിംഗ് സെന്റർ | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. പുരുഷൻ കടലുണ്ടി | കിനാലൂർ എസ്റ്റേറ്റ് തൊഴിലാളികൾക്ക് വീട് വെയ്ക്കാനുള്ള അനുമതി | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. അനൂപ് ജേക്കബ് | മുളന്തുരുത്തി റെയിൽവേ മേൽപ്പാലം കിഴക്കുമുറി പാലം എന്നിവയുടെ അപ്രോച്ച് റോഡുകൾക്ക് സ്ഥലം ഏറ്റെടുക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. കെ. അബ്ദു റബ്ബ് | രൂക്ഷമായ കടലാക്രമണത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. റോജി എം. ജോൺ | അങ്കമാലി വില്ലേജിലെ ഫെയർ വാല്യൂ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. കോവൂർ കുഞ്ഞുമോൻ | ശാസ്താംകോട്ട കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ പ്രവർത്തനം | ഗതാഗതവകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. കെ. രാജൻ | അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി ഹൈസ്കൂൾ എയിഡഡ് സ്കൂൾ ആക്കുന്നത് | പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 8 | ശ്രീ. സി. കെ. ശശീന്ദ്രൻ | വയനാട് കടുവാ സങ്കേതം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 9 | ശ്രീമതി പി. അയിഷാ പോറ്റി | കുളക്കട അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. ജോയി | വിളക്കുളം സബ്സ്റ്റേഷൻ | വൈദ്യുതി വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Ruling by the Speaker* :

2017 ഡിസംബർ 11-ാം തീയതി പുറപ്പെടുവിച്ച The Kerala Public Service Commission (Additional Functions as respects the services under the Waqf Board) Ordinance, 2017, തുടർന്ന് അഞ്ച് പ്രാവശ്യം കൂടി പുറപ്പെടുവിക്കുകയുണ്ടായി എന്നും പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുവാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല എന്നും ഈ നടപടി ഭരണഘടനയ്ക്കും നിയമസഭാ നടപടിക്രമത്തിനും ഇതു സംബന്ധിച്ച സുപ്രീംകോടതി വിധിക്കും എതിരാണെന്നുമാണ് ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. അതുപോലെ നിലവിൽ ഗവർണ്ണർ പുറപ്പെടുവിച്ച പതിനഞ്ച് ഓർഡിനൻസുകൾക്ക് പകരം നിയമം നിർമ്മിക്കേണ്ടതായിട്ടുണ്ടെങ്കിലും സഭയുടെ നടപ്പ് സമ്മേളന കാലത്ത് അതിനായി ഒരു ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാതിരിക്കുന്നതിനെതിരെയാണ് ശ്രീ. എൻ. ഷംസുദ്ദീൻ ക്രമപ്രശ്നം ഉന്നയിച്ചത്. രണ്ട് ക്രമപ്രശ്നങ്ങളും നിയമസഭയെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമുള്ള വിഷയം തന്നെയാണ്.

അടിയന്തര സാഹചര്യങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ കഴിയുന്നതും വേഗം സഭയിൽ അവതരിപ്പിച്ച് പാസ്സാക്കി നിയമമാക്കണമെന്ന് തന്നെയാണ് സർക്കാരിന്റെയും താൽപര്യമെന്നും എന്നാൽ പ്രായോഗികമായ ചില വൈഷമ്യതകൾ മൂലമാണ് ഓർഡിനൻസുകൾ നിയമമാക്കുന്നതിൽ കാലതാമസം നേരിട്ടതെന്നും ബഹു. നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

പതിനാലാം കേരള നിയമസഭ നിലവിൽ വന്നശേഷം ആകെ 124 ഓർഡിനൻസുകളാണ് ഇതുവരെ പുറപ്പെടുവിക്കപ്പെട്ടതായി മനസ്സിലാക്കുന്നത്. അതിൽ നിലവിൽ അവശേഷിക്കുന്ന പതിനഞ്ച് ഓർഡിനൻസുകളും നിയമമാക്കേണ്ട ആവശ്യമില്ലാതിരുന്ന ഏതാനും ചില ഓർഡിനൻസുകളും ഒഴികെയുള്ളവയ്ക്ക് പകരമായി നിയമം നിർമ്മിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നത് സ്വാഗതാർഹമായ കാര്യം തന്നെയാണ്. നിലവിലുള്ള പതിനഞ്ച് ഓർഡിനൻസുകളുടെ കാര്യത്തിൽ അവ അടിയന്തരമായി നിയമമാക്കാൻ എല്ലാ ശ്രമങ്ങളും നടത്തുന്നതാണെന്ന് ബഹു. നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ നിയമനിർമ്മാണത്തിനു മാത്രമായി എത്രയും വേഗം പ്രത്യേക സഭാ സമ്മേളനം ചേരാൻ സർക്കാർ മുൻകൈയെടുക്കുമെന്നും ആ സമ്മേളനത്തിൽ എല്ലാ ഓർഡിനൻസുകൾക്കും പകരമായി നിയമം നിർമ്മിക്കാൻ കഴിയുമെന്നും ചെയർ പ്രതീക്ഷിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ സഭയുടെ അടുത്ത സമ്മേളനത്തിൽ അന്നുവരെയുള്ള എല്ലാ ഓർഡിനൻസുകൾക്കും പകരമുള്ള ബില്ലുകൾ സഭയിൽ അവതരിപ്പിക്കുന്നതിനും അവ സമയബന്ധിതമായി നിയമമാക്കാനുള്ള എല്ലാ നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

*Government Resolution (Rule 118)* :

DR. T. M. Thomas Isaac; Minister for Finance and Coir moved the following Resolution under rule 118 :

ഇടനിലക്കാർ മുഖാന്തിരമുള്ള ഭാഗ്യക്കുറികൾ കേരളത്തിൽ നടത്തിക്കൊണ്ടിരുന്ന ഭാഗ്യക്കുറിക്കൊള്ളയെ സംസ്ഥാനത്തു നിന്നും മാറ്റി നിർത്തുന്നതിന് കഴിഞ്ഞ കുറേനാളുകളായി മാറിമാറി വരുന്ന സംസ്ഥാന സർക്കാരുകൾ കർശനമായ നിലപാടുകളാണ് സ്വീകരിച്ചുപോരുന്നത്. ഭാഗ്യക്കുറി നിയന്ത്രണ നിയമവും ചട്ടങ്ങളും നഗ്നമായി ലംഘിച്ച് നടത്തി വന്നിരുന്ന ഇടനിലക്കാർ വഴിയുള്ള ഇത്തരം ഭാഗ്യക്കുറികൾ ജനങ്ങളെ വല്ലാതെ അടിമപ്പെടുത്തുന്ന സമീപനങ്ങളാണ് സ്വീകരിച്ചു പോന്നിരുന്നത്. ഇവയുടെ പ്രവർത്തനം തടഞ്ഞ്, കേരളത്തിലെ ജനങ്ങളെ ഈ കൊള്ളയിൽ നിന്നും രക്ഷപ്പെടുത്തണമെന്ന സംസ്ഥാന സർക്കാരുകളുടെ നിരന്തരമായ ആവശ്യം ഒടുവിൽ 2015 ആഗസ്റ്റിൽ കേന്ദ്ര സർക്കാരും അംഗീകരിച്ചു.

അന്യസംസ്ഥാന ഭാഗ്യക്കുറികളെ നിയന്ത്രിച്ച് നിർത്തുന്നതിന് ഉതകുന്ന വ്യവസ്ഥകൾ ജി.എസ്.ടി. നിയമത്തിലും നിരക്കുകളിലും ഏർപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന് സാധിച്ചിരുന്നു. എന്നാൽ, ഇടനിലക്കാർ മുഖാന്തിരമുള്ള ലോട്ടറി കച്ചവടത്തിന് കേരളത്തിലടക്കം യഥേഷ്ടം കടന്നുവരുന്നതിനുള്ള നീക്കങ്ങളാണ് സമീപകാലത്തായി ജി.എസ്.ടി. കൗൺസിലിൽ നടക്കുന്നത്. സംസ്ഥാനം നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെയും ഇടനിലക്കാർ മുഖാന്തിരം നടത്തുന്ന ഭാഗ്യക്കുറികളുടെയും ജി.എസ്.ടി. നിരക്ക് ഏകീകരിക്കുന്നതിനുള്ള നീക്കമാണ് ഇതിൽ പ്രധാനം. ഇവയുടെ വ്യത്യസ്ത നികുതി നിരക്കുകൾ ബഹുമാനപ്പെട്ട കൽക്കട്ട ഹൈക്കോടതി ശരിവച്ചതാണ്. ഇവ തമ്മിലുള്ള വേർതിരിവ് യുക്തിസഹമാണെന്നും ഭരണഘടനാ വിരുദ്ധമല്ലെന്നും കോടതി കണ്ടെത്തി. എന്നിട്ടും ഇടനിലക്കാർ മുഖാന്തിരമുള്ള ഭാഗ്യക്കുറികളുടെ 28 ശതമാനം നികുതി നിരക്ക് കുറച്ച് സർക്കാർ നേരിട്ടു നടത്തുന്ന ഭാഗ്യക്കുറികളുടെ നിരക്കിന് സമാനമായി ഏകീകരിക്കുവാൻ നടക്കുന്ന നീക്കം ജനങ്ങളെ കൊള്ളയടിക്കുവാൻ ഇടനിലക്കാർക്ക് അവസരം നൽകുമെന്നതിനാൽ ദുരുപദിഷ്ടമാണെന്ന് സഭ കരുതുന്നു.

ഈ നീക്കത്തിൽ കേരളത്തിലെ പതിനായിരക്കണക്കിന് വരുന്ന ഭാഗ്യക്കുറി വിൽപനക്കാരും ഏജന്റുമാരും പൊതുജനങ്ങളും അങ്ങേയറ്റം ഉത്കണ്ഠാകുലരാണ്.

ഇടനിലക്കാർ മുഖാന്തിരം നടത്തുന്ന ഭാഗ്യക്കുറിയുടെ നികുതി കുറയ്ക്കുന്നത് സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും വലിയ നികുതി നഷ്ടം വരുത്തിവയ്ക്കുക മാത്രമേ ചെയ്യുകയുള്ളൂ. ഇതിന്റെ ഗുണഭോക്താക്കൾ ഇടനിലക്കാരായ വൻകിട ഭാഗ്യക്കുറി നടത്തിപ്പുകാർ മാത്രമായിരിക്കും. ഇടനിലക്കാർ മുഖാന്തിരം നടത്തുന്ന ഇതര സംസ്ഥാന ഭാഗ്യക്കുറികളുടെ നിയമലംഘനവും കൊള്ളയും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലും സി.ബി.ഐ. യുമെല്ലാം വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്.

ഭാഗ്യക്കുറികൾ നടത്തുന്ന ഇതര സംസ്ഥാന സർക്കാരുകളുമായി നേരിട്ട് കരാറിൽ ഏർപ്പെടുന്ന ഏജന്റിനുമാത്രമേ മറ്റൊരു സംസ്ഥാനത്ത് രജിസ്ട്രേഷന് അർഹത യുണ്ടാകുവെന്ന് 28-ാമത് ജി.എസ്.ടി. കൗൺസിലിൽ വ്യക്തമായി തീരുമാനിച്ചിട്ടുണ്ട്. ഇതിന് അനുസൃതമായി ജി.എസ്.ടി. ചട്ടങ്ങളിൽ വ്യവസ്ഥകൾ കൊണ്ടുവരികയും ചെയ്തു. ഭാഗ്യക്കുറിനിയന്ത്രണനിയമത്തിലെ വ്യവസ്ഥകളും ഇതാണ് അനുശാസിക്കുന്നത്. എന്നാൽ ഇതിന് വിഭിന്നമായി ഉപകരാറുകാരന് രജിസ്ട്രേഷൻ നൽകുന്നതിനുള്ള നീക്കവും സജീവമാണ്.

ഇത്തരത്തിൽ ഇടനിലക്കാർ മുഖാന്തിരം നിയമവിരുദ്ധമായി നടത്തുന്ന ഭാഗ്യക്കുറികൾക്ക് അനുഗുണമാകുന്ന ജി.എസ്.ടി. നിരക്ക് ഏകീകരണം, ഉപകരാറുകൾ നൽകാനുള്ള നീക്കം, സമ്മാനത്തുക കുറച്ചുള്ള വിലയിന്മേൽ മാത്രം നികുതി ഈടാക്കാനുള്ള നീക്കം എന്നിവ ഉപേക്ഷിക്കണമെന്നും ഭാഗ്യക്കുറിയുടെ ജി.എസ്.ടി. സംബന്ധമായ വിഷയങ്ങളിൽ തൽസ്ഥിതി തുടരണമെന്നും ഈ സഭ ജി.എസ്.ടി. കൗൺസിലിനോടും കേന്ദ്രസർക്കാരിനോടും ഇതിനാൽ അഭ്യർത്ഥിക്കുന്നു.

The following Members took part in the discussion :

Shri K. V. Abdul Khader

Shri R. Ramachandran

Shri C. F. Thomas

Shri P. C. George

Shri K. N. A. Khader

Shri K. Suresh Kurup

Shri V. D. Satheesan

Shri Ramesh Chennithala (Leader of Opposition).

DR. T. M. Thomas Isaac, Minister for Finance and Coir replied to the points raised during the discussion.

The Resolution was unanimously adopted by the House.

*Financial Business* :

Discussion and Voting on Demands for Grants in the Budget for the financial year 2019-2020

Shri Kadakampally Surendran, Minister for Co-operation, Tourism and Devaswoms moved Demand No. XXVII-Co-operation and Demand No. XLII-Tourism for the amounts shown against them under column No. 5 in the list of Demands for Grants.

DR. T. M. Thomas Isaac, the Minister for Finance and Coir laid on the table statements under Rule 236 (3) with regard to these Demands.

The cut motion Nos. 1, 4, 9, 15, 17, 20, 22, 24, 25, 28, 30, 34, 35, 36, 38, 39, 41, 43 and 47 in the list of cut motions for Demand No. XXVII, the cut motion Nos. 2, 7, 10, 12, 13, 14, 16, 17, 19, 21, 22, 23, 24, 26, 31, 35, 36, 37, 39, 40, 42 and 45 in the list of cut motions for Demand No. XLII were moved.

The following Members took part in the discussion :

Shri S. Rajendran

Shri Sunny Joseph

Shri Eldho Abraham

Shri Abdul Hameed. P.

Shri Mons Joseph

Shri Purushan kadalundy

Smt. E. S. Bijimol

Shri K. Babu

Shri P. C. George

Shri K. B. Ganesh Kumar

Shri V. Joy

Shri M. Rajagopalan

Shri P. Ubaidulla

Shri T. V. Rajesh

Shri A. P. Anil Kumar.

Shri Kadakampally Surendran, Minister for Co-operation, Tourism and Devaswoms replied to the points raised during the discussion. The cut motions were declared lost. Then the Demand No. XXVII and XLII were put to vote and passed.

The House adjourned at 6.30 p.m. to meet again 9.00 a.m. on Tuesday, June 18, 2019.

C. Jos,
*Secretary-in-charge.*